II ഇ.ബി. XII കേരള നിയമസഭ/XV-19

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2010 ജൂലൈ 23, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 65 (*541) റീസർവ്വേയ്ക്ക് ശേഷമുള്ള ഭൂമി തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ രേഖകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും താലൂക്ക്തലത്തിലുള്ള എൽ.ആർ.എം. വിഭാഗം ശക്തിപ്പെടുത്തുന്നതിനുമായി 31-05-2010-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ താലൂക്കിലേയും പരാതികൾ സ്വീകരിക്കുന്നതിന് താലൂക്ക് ഓഫീസിൽ ക്രമീകരണങ്ങൾ ചെയ്യുകയും പരാതികൾ തീർപ്പാക്കുന്നതിന് ഓരോ താലൂക്ക് ഓഫീസിലും സർവ്വേയർമാരേയും ഡ്രാഫ്റ്റ്സ്മാൻമാരേയും പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റീസർവ്വേയ്ക്കുശേഷം 2010 മേയ് വരെ ലഭിച്ച 1956942 പരാതികളിൽ 1908874 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. പരാതികളിന്മേൽ അടിയന്തിര പരിഹാരം സാദ്ധ്യമാക്കുന്നതിന് അധികമായുണ്ടാകുന്ന ജോലിഭാരത്തിനനുസരിച്ച് ആവശ്യമായ ജീവനക്കാരെ സർവ്വേ

ഡയറക്ടർ റീസർവ്വേയിൽ നിന്നും ഓരോ താലൂക്ക് ഓഫീസിലേയ്ക്കും പുനർവിന്യസിച്ചിട്ടുണ്ട്. താലൂക്കുകളിലെ സർവ്വേ സംബന്ധമായ പ്രവർത്തനം ഓരോ പതിനഞ്ച് ദിവസത്തിലൊരിക്കൽ താലൂക്ക് തലത്തിൽ അവലോകനം ചെയ്യേണ്ടതാണെന്നും താലൂക്കുകളിലെ സർവ്വേ സംബന്ധമായ പ്രവർത്തനം ജില്ലാതലത്തിൽ അവലോകനം ചെയ്യുന്ന തിനായി കളക്ടറേറ്റുകളിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)നെയും സർവ്വേ ഡെപ്യൂട്ടി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കളക്ടർമാർ വിളിച്ചുചേർക്കുന്ന തഹസീൽദാർമാരുടെ പ്രതിമാസ യോഗത്തിൽ സർവ്വേ വിഭാഗത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും അവലോകന റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്കും സർവ്വേ ഡയറക്ടർക്കും അയയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 17-10-08-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിലുള്ള 'ഭൂമി കേരളം' പദ്ധതി പ്രകാരം ശേഷി ക്കുന്ന വില്ലേജുകളുടെ റീ സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള യന്ത്രങ്ങൾ, 80 ടോട്ടൽ സ്റ്റേഷനുകൾ, രണ്ട് സെറ്റ് ഡ്യുവൽ ഫ്രീക്വൻസി ഡിഫറൻഷ്യൽ ജി.പി.എസ്.കൾ എന്നിവ സർവ്വേ/റീ സർവ്വേ പ്രവർത്തന ങ്ങൾക്കായി ഉപയോഗിച്ചുവരുന്നുണ്ടെന്നും സർവ്വേ വകുപ്പിലെ ജീവനക്കാരെ ഹൈദരാബാദിൽ അയച്ചും പുതിയതായി നിയമനം ലഭിച്ചവർക്ക് പോലീസ് അക്കാഡമിയിൽ വച്ചും ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

66 (*542) **കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുലമുണ്ടാകുന്ന അപകട നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് 2007-ൽ ആവിഷ്ക്കരിച്ച സെയ്ഫ് ആന്റ് ഫ്യൂവൽ എഫിഷ്യൻസി എന്ന തീവ്രയത്ന പരിപാടി മുഖേന കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ഡ്രൈവർമാർക്കും പരിശീലനം നൽകുന്നുണ്ടെന്നും ഉയർന്ന ഇന്ധന ക്ഷമതയും അപകടരഹിത ഡ്രൈവിംഗ് രീതികളും ഉൾപ്പെടുത്തിയ ഒരു ഹാന്റ് ബുക്ക് എല്ലാ ഡ്രൈവർമാർക്കും പരിശീലന വേളയിൽ നൽകുന്നുണ്ടെന്നും ഇത്തരം പ്രവർത്തനങ്ങളിലൂടെ അപകട നിരക്ക് ദേശീയ ശരാശരിയേക്കാൾ താഴ്ത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അപകട നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി 06-10-2007-ൽ ആക്സിഡന്റ് ഇൻഫർമേഷൻ ആന്റ് കൺട്രോൾ സിസ്റ്റം ചീഫ് ഓഫീസിൽ തുടങ്ങുകയും ഓരോ അപകടവും അതിനുള്ള കാരണവും പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഘട്ടം ഘട്ടമായി ഡ്രൈവർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതുവഴി 2005-ൽ ഒരു ലക്ഷം കിലോമീറ്ററിന് കെ.എസ്. ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടെയുണ്ടായ അപകടനിരക്ക് 0.36 ആയിരുന്നത് 2006-ൽ 0.25, 2007-ൽ 0.21, 2008-ൽ 0.20, 2009-ൽ 0.18 എന്ന രീതിയിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഡ്രൈവർ പരിശീലന കേന്ദ്രം കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് താൽക്കാലികമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഡ്രൈവർമാർക്ക്

വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ഡ്രൈവിംഗ് സംബന്ധമായ കാര്യങ്ങളിൽ ഗവേഷണങ്ങൾ നടത്തുന്നതിനുമായി കേന്ദ്ര സർക്കാർ സഹായത്തോടുകൂടി മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഒരു ഡ്രൈവർ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി-യുടെ എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പ് പരിസരത്ത് 25 ഏക്കർ സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറുകയും 6-6-2010 -ൽ അതിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തുവെന്നും ഈ സ്ഥാപനത്തിലൂടെ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ് ഡ്രൈവർമാർക്കും മറ്റ് സ്വകാര്യ മേഖലയിലെ ഡ്രൈവർമാർക്കും കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ട്രെയിനിംഗ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിന് പ്രത്യേക സിലബസ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പെട്രോളിയം കൺസർവ്വേഷൻ റിസർച്ച് അസോസ്സിയേഷൻ, നാറ്റ്പാക്ക്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്, പോലീസ് എന്നിവിടങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മെഡിക്കൽ ഓഫീസേഴ്സും സൈക്കോളജിസ്റ്റും ഉൾപ്പെടുന്ന ഒരു ടീമിന്റെ നേതൃത്വത്തിൽ ഡിഫൻസീവ് ഡ്രൈവിംഗ്, കറക്ടീവ് ഡ്രൈവിംഗ്, ഫ്യുവൽ എഫിഷ്യൻസി ട്രെയിനിംഗ്, കൗൺസലിംഗ് തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിയാണ് ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതെന്നും കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് നടപ്പാക്കുന്നതാണെന്നും ഡ്രൈവർ പരിശീലന കേന്ദ്രത്തിൽ നിന്ന് മൂന്ന് മാസത്തെ കോഴ്സ് പാസ്സാകുന്നവർക്ക് മാത്രമേ ഡ്രൈവിംഗ് സ്കൂൾ നടത്താൻ അനുവാദം കൊടുക്കുകയുള്ളൂ എന്നതുൾപ്പെടെ നിയമ നിർമ്മാണം നടത്താൻ കേന്ദ്രസർക്കാർ

ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കൃത്യമായി ഡ്യൂട്ടി ചെയ്യുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവ് നൽകുന്നുണ്ട്. മെച്ചപ്പെട്ട ഇന്ധന ലാഭമുണ്ടാക്കുന്നവർക്ക് പ്രത്യേക അലവൻസ് കൊടുക്കുന്നതാണ്. ഡ്രൈവർമാരുടെ സ്റ്റിയറിംഗ് അവേഴ്സ് ആറ് മണിക്കൂറും അതിനുശേഷം വിശ്രമവും എന്നുള്ള നിബന്ധന പാലിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നതെന്നും മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച ശമ്പളമാണ് ഡ്രൈവർമാർക്ക് നൽകുന്നതെന്നും ഇവരുടെ മദ്യപാനം നിയന്ത്രിക്കാൻ പോലീസിനും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആൽക്കോമീറ്റർ കൊടുത്തിട്ടുണ്ടെന്നും ഡ്രൈവർമാർക്ക് നേത്ര പരിശോധന ഉൾപ്പെടെയുള്ള പീരിയോഡിക്കൽ ഫിറ്റ്നസ് ടെസ്റ്റ് നടത്തുന്നതാണെന്നും മന്ത്രി അറിയിച്ചു. 157 ട്രാഫിക് സുരക്ഷാ ക്ലബ്ബുകൾ ആരംഭിക്കുകയും ഇതുമായി ബന്ധപ്പെടുത്തി മലയാള മനോരമയുടെ 'വഴിക്കണ്ണ്' എന്ന പദ്ധതിയുടെ ലഘുലേഖകൾ എല്ലാ ഡ്രൈവിംഗ് സ്കൂളുകളിലും കൊടുക്കുകയും ചെയ്യുന്നുണ്ട്. സ്പീഡ് ലിമിറ്റ് നിയമപരമായി നിയന്ത്രിക്കുകയും കെൽട്രോണുമായി ആലോചിച്ച് കേടായ സ്പീഡ് ഗവർണ്ണറുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാങ്ങിയ എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം നടത്തുമ്പോൾ ഡ്രൈവിംഗ് ടെസ്റ്റ് പാസ്സായവരെ മാത്രമാണ് എഴുത്തുപരീക്ഷയ്ക്ക് യോഗ്യരാക്കുന്നതെന്നും സ്റ്റേ ഡ്യൂട്ടി ചെയ്യുന്ന ഡ്രൈവർമാർക്ക് കൊതുക് വല ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണെന്നും 2000 ആഗസ്റ്റ് മുതൽ 2008 ആഗസ്റ്റ് വരെ ഒരു വർഷം 120 ദിവസം ജോലി

ചെയ്തവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്നും സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം എന്നിവ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

67 (*543) <u>കലാഭിരുചിയുള്ള കുട്ടികളെ സഹായിക്കുന്ന പദ്ധതി</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, കലാഭിരുചിയുള്ള കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനുമുള്ള സമഗ്രമായ പരിപാടിയാണ് സ്ക്കൂൾ കലോത്സവങ്ങളെന്നും സ്ക്കൂൾതലത്തിലും ഉപജില്ലാതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിച്ച് കഴിവ് തെളിയിക്കുന്ന എല്ലാ വിദ്യാർത്ഥികളേയും അംഗീകരിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. രക്ഷകർത്താവിന്റെ വാർഷിക വരുമാനം 75,000/- രൂപയിൽ കുറവുള്ള കുട്ടി കൾക്ക് യുവജനോത്സവങ്ങളിൽ പങ്കെടുക്കുന്നതിനുവേണ്ടി 10,000/- രൂപയും ഉപജില്ലാ തലത്തിൽ നൃത്ത ഇനങ്ങളിൽ മത്സരിച്ച് വിജയികളാകുന്ന കുട്ടികളിൽനിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കൂടു തൽ പ്രോത്സാഹനം നൽകുന്നതിനും ജില്ലാ മത്സരങ്ങളിലും സംസ്ഥാന സ്ക്കൂൾ കലോത്സവത്തിലും പങ്കെടുക്കുന്നതിനുംവേണ്ടി 10,000/- രൂപയും നൽകുന്നുണ്ട്. കഴിഞ്ഞ വർഷം ഈയിനത്തിൽ 20 ലക്ഷം രൂപ ചെലവഴിച്ചി

ട്ടുണ്ട്. ജില്ലാ തലത്തിൽ സഹായത്തിന് അർഹരായ കലാകാരന്മാരെ കണ്ടെ ത്തുന്നതിന് ഇപ്പോൾത്തന്നെ സംവിധാനമുണ്ടെന്നും ചിത്രകല, സംഗീതം മുതലായ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് പൊതുവായി പരിശീലനം ലഭി ക്കാനുള്ള സൗകര്യമുണ്ടെന്നും മന്ത്രി അറിയിച്ചു. കലോത്സവത്തിന്റെ മാന ്വൽ പരിഷ്ക്കരിച്ച് സാമ്പത്തിക ശേഷി ഇല്ലാത്തവരെ തിരിച്ചറിഞ്ഞ് അവരെ പ്രത്യേകമായി പ്രോത്സാഹിപ്പിക്കുകയാണെന്നും ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കലാമത്സരങ്ങൾ ഏകോപി പ്പിച്ചതിന്റെ ഫലമായി പഠന ദിനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും കലോത്സവങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

68 (*544) <u>ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ</u>

ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാന ജലഗതാഗത വകുപ്പിൽ യാർഡിന്റെ നവീകരണത്തിനായി കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഏകദേശം 38 ലക്ഷത്തോളം രൂപ ചെലവഴിച്ചുവെന്നും 14 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും നീറ്റിലിറക്കുകയും 10 സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് കരാർ നൽകുകയും 5 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും 6 സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി 38 ലക്ഷം രൂപ മുടക്കി എറണാകുളത്ത് തേവരയിലും ആലപ്പുഴയിലെ ഡോക്ക് ആന്റ് റിപ്പയർ

വിഭാഗത്തിലും യാർഡുകൾ, ഫൈബർ, സ്റ്റീൽ ഉൾപ്പെടെയുള്ള ബോട്ടുകൾ റിപ്പയർ ചെയ്യാവുന്ന വിധത്തിൽ നവീകരിച്ചിട്ടുണ്ടെന്നും ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സിൽക്കിന്റെ നേതൃത്വത്തിൽ 1.59 കോടി രൂപ ചെലവഴിച്ച് ഒരേസമയത്ത് 4 ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്താവുന്ന രീതിയിൽ പൂർണ്ണമായും യന്ത്രവൽക്കൃതവും ആധുനിക സൗകര്യങ്ങളോടുകൂടിയ സ്ലിപ്പ് യാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നും നിലവിലുള്ള യാർഡിൽ സ്റ്റീൽ, ഫൈബർ ബോട്ടുകൾ പൂർണ്ണ മായും യന്ത്രവൽകൃതമായി ഡോക്ക് ചെയ്യത്തക്ക തരത്തിൽ ഇലക്ട്രിക് വിഞ്ച് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5132 മുതൽ 5405 വരെയുള്ള ചോദ്യങ്ങളിൽ 63 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)